വില്പന നികുതി പിരിവ്

37 [320] ശ്രീ. കോവൂർ കുഞ്ഞുമോൻ :

,, എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-2004 സാമ്പത്തിക വർഷത്തിലെ മൊത്തം വില്പന നികുതി വരുമാനമായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് വില്പന നികുതി ഇനത്തിൽ പിരിഞ്ഞു കിട്ടിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) സ്വർണ്ണവില വർദ്ധിച്ചതനുസരിച്ച്, വില്പന നികുതിയിൽ സ്വർണ്ണ വ്യാപാരത്തിൽ നിന്നുള്ള ആനുപാതിക വർദ്ധന ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഓരോ സ്വർണ്ണവ്യാപാരിയും നല്കാനുള്ള വില്പന നികുതി കുടിശ്ശിക എത്രയാണെന്നുള്ള കണക്ക് തരംതിരിച്ച് ലഭ്യമാക്കുമോ; ആയത് പിരിച്ചെടുക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 6418 കോടി രൂപ.

(ബി) 3879.60 കോടി രൂപ (31-12-2003 വരെ)

(സി ആന്റ് ഡി) വിവരം ശേഖരിച്ചു വരുന്നു.

സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റുകളിൽ നിന്നുള്ള വരുമാനം

38 [321] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിറ്റുവരവ് നികുതി ഇനത്തിൽ എത്ര നികുതി വരുമാനമാണ് സർക്കാർ ഈ വർഷം പ്രതീക്ഷിച്ചിരുന്നത്; ഇതിൽ എത്ര ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റുകളിൽനിന്നും ഈ സാമ്പത്തിക വർഷം ലഭിച്ച വരുമാനം എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രതീക്ഷിച്ചിരുന്നത് എത്ര ആയിരുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിറ്റുവരവ് നികുതിക്ക് മാത്രമായി പ്രത്യേക ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. വിറ്റുവരവ് നികുതിയുൾപ്പെടെ വില്പന നികുതിയിനത്തിൽ 6418 കോടി രൂപയാണ് 2003-2004 വർഷം പ്രതീക്ഷിക്കുന്നത്. ഇതിൽ 31-12-2003 വരെ 3879.60 കോടി രൂപ ലഭ്യമായിട്ടുണ്ട്.

(ബി) 55.78 കോടി രൂപ (നവംബർ മാസം വരെയുള്ള കണക്ക്)

(സി) പ്രത്യേക ടാർജറ്റ് നിശ്ചയിച്ചിരുന്നില്ല.

നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ നടപടി

39 [322] ശ്രീ. യു. സി. രാമൻ :

,, കളത്തിൽ അബ്ദുള്ള :

,, ഇ. ടി. മുഹമ്മദ് ബഷീർ :

,, സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷം പിരിച്ചെടുത്ത നികുതി എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർഷം ഇതുവരെയുള്ള നികുതി പിരിവിന്റെ നിരക്ക് മുൻ വർഷത്തെ നിരക്കിനേക്കാൾ കുറഞ്ഞിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 7302.54 കോടി രൂപ.

(ബി) 31-10-2003 വരെയുള്ള എ. ജി. ക്രോഡീകരിച്ചിട്ടുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ നികുതി പിരിവ് കുറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly